## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 77 — 09-08-2017 ൽ മറുപടിക്ക്

### പട്ടികജാതിക്കാർക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി.പി.സജീന്ദ്രൻ<br>,, എ.പി. അനിൽ കുമാർ<br>,, സണ്ണി ജോസഫ്<br>,, ഐ.സി.ബാലകൃഷ്ണൻ | | ശ്രീ. എ.കെ. ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി. |
| (എ) | പട്ടികജാതിക്കാർക്ക് എന്തെല്ലാം ക്ഷേമപ്രവർത്തനങ്ങളാണ് നടപ്പിലാക്കിയതെന്ന് വിശദീകരിക്കുമോ; | (എ) | അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | ഇവർക്കുവേണ്ടി നിലവിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വിവരിക്കുമോ; | (ബി) & (സി) | അനുബന്ധം 1 ൽ പരാമർശിക്കുന്ന പദ്ധതി നടപ്പിലാക്കുന്നത് കൂടാതെ പഠനമുറി, വാത്സല്യനിധി, വർക്കിംഗ് വുമൺസ് ഹോസ്റ്റൽ, എന്നീ പുതിയ പദ്ധതികൾ ഈ സർക്കാർ 2017-18 ൽ ആവിഷ്കരിച്ചിട്ടുണ്ട്. നഗരങ്ങളിൽ വിദ്യാഭ്യാസം തേടുന്നതിന് സൗകര്യം വർദ്ധിപ്പിക്കുന്നതിനായി പുതിയ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്<br><br>1. **പഠനമുറി**<br><br>സർക്കാർ/എയിഡഡ് ഹൈസ്കൂൾ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഒരു വീട്ടിൽ ഒരു പഠനമുറി എന്ന ഒരു പദ്ധതി വകുപ്പ് നടപ്പ വർഷം നടപ്പിലാക്കുന്നുണ്ട്.<br><br>2. **വാത്സല്യനിധി**<br><br>പട്ടികജാതിക്കാരായ ദമ്പതികൾക്ക് ജനിക്കുന്ന പെൺകുട്ടികളുടെ വിദ്യാഭ്യാസം, |
| (സി) | എന്തെല്ലാം പുതിയ പദ്ധതികളാണ് ഈ സർക്കാർ ഇവർക്കുവേണ്ടി ആവിഷ്കരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; ഇവയിൽ ഏതെല്ലാം പദ്ധതികൾ തുടക്കം കുറിച്ച് നടപ്പാക്കിവരുന്നു എന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | ആരോഗ്യ പരിരക്ഷ എന്നിവ ഉറപ്പാക്കു ന്നതിനായി വാത്സല്യനിധി എന്ന ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.<br><br>**3. <u>പ്രധാന നഗരങ്ങളിൽ വർക്കിംഗ് വിമൺസ് ഹോസ്റ്റൽ</u>**<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലി യുള്ള സ്ത്രീകൾക്കും വിദ്യാർത്ഥിനികൾക്കും വേണ്ടി പ്രധാന നഗരങ്ങളോട് ചേർന്ന് ഹോസ്റ്റലുകൾ നിർമ്മിക്കുന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഹോസ്റ്റൽ നിർമിക്കുന്നതിനായി 50 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. എറണാകുളത്തും, കോഴിക്കോട് കുന്ദമംഗലത്തും സ്ഥലം കണ്ടെത്തിയിട്ടുണ്ട്.<br>**4.** ആറു കോർപ്പറേഷനുകളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള പുതിയ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കും.<br>**5.** നിലവിൽ PETC കളില്ലാത്ത ജില്ലകളിൽ പി.ഇ.റ്റി.സികൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

**പട്ടികജാതിക്കാർക്കായി നടപ്പിലാക്കിയ ക്ഷേമപ്രവർത്തനങ്ങൾ:**

1. ഭൂരഹിതർക്ക് ഭവനനിർമ്മാണത്തിനുള്ള ഭൂമി

2. ഭവനരഹിതർക്ക് ഭവനം

3. പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗത്തിനുള്ള വികസന പരിപാടികൾ

4. പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെട്ട പ്രത്യേക പ്രോജക്ടുകൾക്കുള്ള പൂൾഡ് ഫണ്ട്

5) മരാമത്തും, കെട്ടിടവും

6) പട്ടികജാതി വികസന വകുപ്പിന്റെ നവീകരണവും, ഇ-ഗവേണൻസ് സംരംഭങ്ങളും

7) പ്രത്യേക ഘടകപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് (വികസന പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ പദ്ധതി

8) പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനുള്ള ധനസഹായം

9) പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം

10) വെള്ളായണിയിലുള്ള അയ്യൻകാളി മെമ്മോറിയൽ മാതൃകാ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മാതൃക റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ്

11) പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായുള്ള ധനസഹായം

12) തൊഴിലിനും പരിശീലനത്തിനും മാനവ വിഭവ ശേഷി വികസനത്തിനുമുള്ള സഹായം

13) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗവികസന കോർപ്പറേഷൻ ലിമിറ്റഡ് - എസ്.സി.പി (51% സംസ്ഥാന വിഹിതം)

14) ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (50% സംസ്ഥാന വിഹിതം)

15) തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാ ക്കുന്ന പരിപാടികൾ, പ്രീമെട്രിക് ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്നതിനുള്ള പദ്ധതി എസ്.സി.പി.

   a) പ്രീ-പ്രൈമറി വിദ്യാർത്ഥികൾക്ക്കളിക്കോപ്പുകളും, പഠന സാമഗ്രഹികളും വാങ്ങുന്നതിനും, അധ്യാപകർക്ക് honorarium നൽകുന്നതിനുമുള്ള പദ്ധതി.

   b) ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് ബോർഡിംഗ് ഗ്രാന്റ് നൽകുന്നതിനുള്ള പദ്ധതി

   c) പ്രീമെട്രിക് ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്നതിനുള്ള പദ്ധതി

16) പ്രത്യേക ഘടകപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം

   കൂടാതെ താഴെ പറയുന്ന 100%, 50% കേന്ദ്ര ധനസഹായത്തോടെയുള്ള പദ്ധതി കൾ വകുപ്പ് നടപ്പിലാക്കി വരുന്നു.

   a) പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക്സ്കോളർഷിപ്പ് (100%)

   b) പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ (100%)

c) പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്) ജഗജീവൻ റാം ഛത്രവാസ് യോജന (100% കേന്ദ്രാവിഷ്കൃത പദ്ധതി)

d) വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ (100%)

e) 9 ഉം 10 ഉം ക്ലാസ്സുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്രവിഹിതം)

f) പ്രധാനമന്ത്രി ആവാസ് യോജ്ന പ്രത്യേക ഘടക പദ്ധതി (60% കേന്ദ്രവിഹിതം)

g) എൻ.ആർ.എൽ.എം (ദേശീയ ഗ്രാമീണ ഉപജീവന മിഷൻ) പ്രത്യേക ഘടക പദ്ധതി (60% കേന്ദ്രവിഹിതം)

h) പൗരവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കലും (50% സംസ്ഥാന വിഹിതം)

സെക്ഷൻ ഓഫീസർ